***വളരെ അടിയന്തിരം - സമയബന്ധിതം      ഓർമ്മക്കുറിപ്പ് -1***

**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ പി ഓ, തിരുവനന്തപുരം, പിൻ 695035
ഫോൺ 04712302490 ഫാക്സ് 04712303025/20303080
ഇ -മെയിൽ dhskerala.hlth@kerala.gov.in, വെബ് സൈറ്റ് dhs.kerala.gov.in

നം. **ആ.വ.ഡ.3903/2024-ഇ.എസ്സ്4(സ്പെഷ്യൽ സെൽ)** തീയതി: **16-07-2024**

# Circular

വിഷയം: ആരോഗ്യ വകുപ്പിൽ 31/12/2023 വരെ സേവനത്തിൽ തുടരുന്ന അസിസ്റ്റന്റ് സർജന്മാരുടെ (അസിസ്റ്റന്റ് സർജൻ/കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ/റസിഡന്റ് മെഡിക്കൽ ഓഫീസർ-അസിസ്റ്റന്റ് സർജൻ കേഡർ) താത്കാലിക സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നത് - സംബന്ധിച്ച്.

പരാമർശം: 1) 22/06/2024 തീയതിയിലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ കത്ത്
2) 04/07/2024 തീയതിയിലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ സർക്കുലർ

ആരോഗ്യവകുപ്പിൽ 31/12/2023 വരെ സേവനത്തിൽ തുടരുന്ന അസിസ്റ്റന്റ് സർജന്മാരുടെ താത്കാലിക സീനിയോറിറ്റി പട്ടിക മേൽ പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചതിൽ ആവശ്യമായ വിശദാംശങ്ങൾ ലഭിച്ചിട്ടില്ലാത്ത 567 അസിസ്റ്റന്റ് സർജന്മാരുടെ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് മേൽ പരാമർശം (2) അനുസരിച്ച് ഗൂഗിൾ സ്പ്രെഡ്ഷീറ്റ് നൽകിയിരുന്നു.

എന്നാൽ പരാമർശം (2) ലെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഡോക്ടർമാരുടെ വിശദാംശങ്ങൾ ഷീറ്റിൽ അധികമായി ഉൾപ്പെടുത്തിവരുന്നതായും ഗൂഗിൾ സ്പ്രെഡ്ഷീറ്റിൽ മാറ്റങ്ങൾ വരുത്തുന്നതായും, രേഖപ്പെടുത്തിയ വിവരങ്ങൾ നീക്കം ചെയ്യുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം വീഴ്ചകൾ ഒഴിവാക്കുവാൻ പ്രത്യേകം ശ്രദ്ധ നൽകേണ്ടതാണ്

പരാമർശം (2) പ്രകാരമുള്ള ഗൂഗിൾ സ്പ്രെഡ്ഷീറ്റ് മുഖാന്തരം നൽകിയിട്ടുള്ള 567 എണ്ണം ജീവനക്കാരുടെ മാത്രം വിശദാംശങ്ങൾ ഗൂഗിൾ സ്പ്രെഡ്ഷീറ്റിൽ നൽകേണ്ടതും, പ്രസ്തുത ലിസ്റ്റിന് പുറത്തുള്ള ജീവനക്കാരുടെ വിശദാംശങ്ങൾ ഗൂഗിൾ സ്പ്രെഡ്ഷീറ്റിൽ നൽകേണ്ടതില്ല എന്നും ഇതിനാൽ അറിയിക്കുന്നു. പ്രൊബേഷൻ കാലയളവിലെ ശൂന്യവേതനാവധി, അനധികൃതാവധി, സ്ഥാനക്കയറ്റം, സേവനത്തിൽ നിന്നും വിരമിക്കൽ, മറ്റ് വകുപ്പുകളിലേക്കോ മറ്റ് കാരണങ്ങളാലോ വിടുതൽ ചെയ്തത്, പേരുകളുടെ ആവർത്തനം - എന്നീ വിശദാംശങ്ങൾ 'റിമാർക്സ്' കോളത്തിൽ ബന്ധപ്പെട്ട ഉത്തരവ്, വിശദാംശങ്ങൾ ഉൾപ്പെടെ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്

ഗൂഗിൾ സ്പ്രെഡ്ഷീറ്റിൽ വിശദാംശങ്ങൾ നൽകുന്നതോടൊപ്പം മേൽ പരാമർശം (1) ഉത്തരവിനൊപ്പമുള്ള പ്രൊഫോർമ പ്രകാരം അനുബന്ധ രേഖകളുടെ പകർപ്പുകൾ സഹിതം ഉചിതമാർഗ്ഗേണ ഈ കാര്യാലയത്തിൽ നിർബന്ധമായും അപേക്ഷ സമർപ്പിക്കേണ്ടതാണ്.

പരാമർശം (2) ലെ ഗൂഗിൾ സ്പ്രെഡ്ഷീറ്റിൽ ഉൾപ്പെട്ടിട്ടുള്ള 567 എണ്ണം ജീവനക്കാരിൽ നാളിതുവരെയും വിശദാംശങ്ങൾ സമർപ്പിക്കാത്തവർ **ഈ കത്തിലെ തീയതി മുതൽ 14 ദിവസത്തിനുള്ളിൽ** ഗൂഗിൾ സ്പ്രെഡ് ഷീറ്റിൽ വിശദാംശങ്ങൾ സമർപ്പിക്കുകയും, ബന്ധപ്പെട്ട രേഖകൾ സഹിതം ഉചിത മാർഗ്ഗേണ ഈ കാര്യാലയത്തിൽ അപേക്ഷ

സമർപ്പിക്കേണ്ടതുമാണ്.

ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അസിസ്റ്റന്റ് സർജന്മാരിൽ ഗൂഗിൾ സ്പ്രെഡ്ഷീറ്റിൽ കൃത്യമായി വിശദാംശങ്ങൾ നൽകാത്തതും സമയബന്ധിതമായി ബന്ധപ്പെട്ട രേഖകൾ ഉചിത മാർഗ്ഗേണ സമർപ്പിക്കാത്തതുമായ അസിസ്റ്റന്റ് സർജന്മാരുടെ പേരുകൾ അന്തിമ സീനിയോറിറ്റി പട്ടികയിൽ നിന്നും ഒഴിവാക്കുന്നതാണ്.

31.12.2023 വരെ ഉള്ള കാലയളവിൽ ആരോഗ്യവകുപ്പിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിൽ തുടരുന്ന ജീവനക്കാരിൽ, പരാമർശം (1) പ്രകാരമുള്ള താത്കാലിക ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും അസിസ്റ്റന്റ് സർജൻമാർ സേവനമനുഷ്ഠിച്ചിട്ടുണ്ടോ എന്ന് എല്ലാ ആരോഗ്യ വകുപ്പ് സ്ഥാപന മേധാവികളും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും, പ്രസ്തുത ജീവനക്കാരുടെ (ശൂന്യവേതനാവധി/അനധികൃതാവധി ഉൾപ്പടെ) അപേക്ഷ സമർപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ് പ്രസ്തുത കാലയളവിൽ തങ്ങളുടെ സ്ഥാപനത്തിൽ സേവനത്തിൽ തുടരുന്ന അസിസ്റ്റന്റ് സർജൻമാരുടെ പേരുകൾ പരാമർശം (1) പ്രകാരമുള്ള പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ, 'ഇനി ആരെയും ഈ കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുവാനില്ല' എന്ന വിവരം എല്ലാ ആരോഗ്യ വകുപ്പ് സ്ഥാപന മേധാവികളും അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാരെ (ആരോഗ്യം) രേഖാമൂലം അറിയിക്കേണ്ടതും, ആയത് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫിസർമാർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

മേൽ വിഷയത്തിൽ നാളിതുവരെയും അപേക്ഷ സമർപ്പിച്ചിട്ടില്ലാത്ത അസിസ്റ്റന്റ് സർജൻമാർ, പരാമർശം 1 ഉത്തരവിനൊപ്പമുള്ള പ്രൊഫോർമ പ്രകാരം ബന്ധപ്പെട്ട രേഖകൾ സഹിതം ഉചിത മാർഗ്ഗേണ അടിയന്തിരമായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് (ആരോഗ്യം) ലഭ്യമാകുന്ന ഹർജികൾ സമയബന്ധിതമായി സമർപ്പിക്കാത്തത് കാരണം ഏതെങ്കിലും അസിസ്റ്റന്റ് സർജന്മാർ അന്തിമ സീനിയോറിറ്റി പട്ടികയിൽ നിന്നും ഒഴിവാക്കപ്പെടുകയോ ഉൾപ്പെടാതെ പോകുകയോ ചെയ്യുകയാണെങ്കിൽ ആയത് സംബന്ധിച്ച് പൂർണ ഉത്തരവാദിത്വം അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിക്ഷിപ്തമായിരിക്കും. മേൽ വിഷയത്തിൽ നടപടികൾ സമയബന്ധിതമായും കൃത്യമായും പാലിക്കപ്പെടുന്നുണ്ട് എന്ന് എല്ലാ ജില്ലകളിലെയും അഡ്മിനിസ്ട്രേറ്റീവ് അസ്സിസ്റ്റന്റുമാർ പ്രത്യേക ശ്രദ്ധ നൽകി ഉറപ്പുവരുത്തേണ്ടതാണ് .

അന്തിമ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ച ശേഷം ലഭ്യമാകുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല എന്ന് ഇതിനാൽ അറിയിക്കുന്നു.

Signed by
Reena K J
Date: 16-07-2024 18:40:56

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർ (ആരോഗ്യം)

പകർപ്പ്:

1 ) എല്ലാ ആരോഗ്യവകുപ്പ് സ്ഥാപന മേധാവികൾക്കും (ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

2 ) എല്ലാ അസിസ്റ്റന്റ് സർജൻമാർക്കും

3 ) ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്